പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *240 05.10.2016-ൽ മറുപടിയ്ക്ക്

## സ്വയം തൊഴിൽ പദ്ധതിയും വൈദഗ്ധ്യ പരിശീലനപരിപാടിയും

ചോദ്യം
ശ്രീ.എ. പ്രദീപ്കുമാർ
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. എസ്.രാജേന്ദ്രൻ
ശ്രീ. കെ. ആൻസലൻ

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ യുവജനങ്ങൾക്കായി സ്വയം തൊഴിൽ പദ്ധതിയും വൈദഗ്ധ്യ പരിശീലന പരിപാടിയും നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്.<br>2013-14 വർഷം സ്വയ തൊഴിൽ പദ്ധതി പ്രകാരം 311.03 ലക്ഷം രൂപ ചെലവഴിച്ച് 590 പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് ധനസഹായം അനുവദിച്ചു.<br>2015-16 വർഷം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 188.80 ലക്ഷം രൂപ ചെലവഴിച്ച് 724 പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.<br>2016-17 വർഷം പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമായി 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, കെൽട്രോൺ, സെന്റർ ഫോർ ബയോ-പോളിമർ സയൻസ് ആന്റ് ടെക്നോളജി, ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി, കിൻഫ്രയുടെ അപ്പാരൽ ട്രെയിനിംഗ് സെന്റർ, ഗവ.ആയുർവേദ കോളേജ്, പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിൽ തൊഴിൽ പരിശീലനം നൽകി വരുന്നു. |
| ബി) | സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള സഹായം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ; | ബി) | പട്ടികവർഗ്ഗ യുവാക്കളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവനമാർഗത്തിനും വേണ്ടി സ്വയം തൊഴിൽ സംവിധാനം വഴി സഹായം നൽകുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതു വഴി പരമാവധി 1.5 ലക്ഷം രൂപ ധനസഹായം നൽകുന്നു. 50% ഗുണഭോക്താക്കൾ സ്ത്രീകൾ ആയിരിക്കും. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥയായുള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.<br><br>എസ്.എസ്.എൽ.സി വരെ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകന്റെ വാർഷിക വരുമാനം 50,000/-രൂപയിൽ കവിയരുത്. പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന അർഹിക്കുന്ന മലപണ്ടാരം, അരനാടൻ തുടങ്ങിയ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | യോഗ്യത 8-ാം ക്ലാസും പ്രായപരിധി 18-45 ഉം ആണ്. വിശദ വിവരം അനുബന്ധം 1-ആയി ചേർക്കുന്നു. |
| സി) | പട്ടികവർഗ്ഗ യുവാക്കൾക്ക് പാരാമെഡിക്കൽ, നേഴ്സിംഗ് കോഴ്സുകളിലേയ്ക്കും ഐ.ടി. യുമായി ബന്ധപ്പെട്ട പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കും പ്രവേശനത്തിനുള്ള പരിശീലനം നൽകുന്നത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | സി) | ഉണ്ട്. പ്രശസ്തമായ പരിശീലന കേന്ദ്രങ്ങളിൽ പാരാമെഡിക്കൽ, നഴ്സിംഗ് കോഴ്സുകളിലേയ്ക്കും, ഐ.റ്റി.ഐയുമായി ബന്ധപ്പെട്ട പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കും പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകുന്നതിന് ധനസഹായം അനുവദിക്കുന്നു. പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്നതിന് എൻട്രൻസ് കോച്ചിംഗ് നൽകുന്നുണ്ട്. കൂടാതെ പാരാമെഡിക്കൽ കോഴ്സിന് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ അനുമതിക്ക് വിധേയമായി ധനസഹായം നൽകുന്നുണ്ട്. വിശദാംശം അനുബന്ധം 2-ആയി ചേർക്കുന്നു. |
| ഡി) | ഉന്നത വിദ്യാഭ്യാസമുള്ള പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാനത്തിനു പുറത്തും വിദേശത്തും ജോലിയ്ക്കുള്ള അവസരങ്ങൾ ലഭ്യമാകുന്നതിന് സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ? | ഡി) | അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

വിഷയം: സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിബന്ധനകൾ.

1. ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, ബന്ധപ്പെട്ട ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/പ്രോജക്ട് ഓഫീസർ എന്നിവർ അടങ്ങുന്ന സമിതി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതാണ്.

2. തെരെഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് മുൻപ് ഗുണഭോക്താവുമായി കരാറിൽ ഏർപ്പെടേണ്ടതും നിർദ്ദിഷ്ട കരാറിൽ പദ്ധതിയ്ക്കായി അനുവദിച്ച തുക നിശ്ചിത ആവശ്യത്തിന് തന്നെ വിനിയോഗിക്കുന്നതിനും പദ്ധതിയിൻ കീഴിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് ആർജിക്കുന്ന വസ്തുവകകൾ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയും അന്യാധീനപ്പെടുത്താതിരിക്കുന്നതിനുള്ള വ്യവസ്ഥയും കൂടി നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

3. അപേക്ഷിച്ചിട്ടുള്ള പ്രോജക്ടുമായി ബന്ധപ്പെട്ട് അംഗീകൃത പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ പദ്ധതിയിൽ മുൻഗണന നൽകേണ്ടതാണ്.

4. പദ്ധതി പ്രവർത്തനം 2015-16 സാമ്പത്തികവർഷം തന്നെ ആരംഭിച്ച് കാര്യക്ഷമമായി പൂർത്തീകരിക്കുമെന്ന് ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബർ ഡെവലപ്മെന്റ് ഓഫീസർമാർ ഉറപ്പു വരുത്തേണ്ടതാണ്.

5. പെട്ടിക്കട, ഫോട്ടോകോപ്പിയർ ഷോപ്പ്, തയ്യൽ,ഗാർമെന്റ് മേക്കിംഗ് യൂണിറ്റ് എന്നിവ തുടങ്ങുന്നതിന് ധനസഹായത്തിന് തെരെഞ്ഞെടുക്കപ്പെടുന്നവർ അവരവരുടെ ഉത്തരവാദിത്വത്തിൽ പെട്ടിക്കട/കടമുറികൾ കണ്ടെത്തേണ്ടതും കടയുടമയുമായി വാടക കരാറിൽ ഏർപ്പെടേണ്ടതുമാണ്.

6. കോഴിവളർത്തൽ യൂണിറ്റ്, ആടു വളർത്തൽ യൂണിറ്റ് എന്നിവയ്ക്ക് ധനസഹായത്തിനായി തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് ഏറ്റവും കുറഞ്ഞത് 10 സെന്റ് സ്ഥലം സ്വന്തമായി ഉണ്ടായിരിക്കണം, അല്ലെങ്കിൽ 10 സെന്റ് സ്ഥലം സ്വന്തം ഉത്തരവാദിത്വത്തിൽ പാട്ടത്തിന് എടുക്കേണ്ടതും സ്ഥലം ഉടമയുമായി അതിനുള്ള പാട്ടക്കരാറിൽ ഏർപ്പെടേണ്ടതുമാണ്.

7. ആട്, കോഴി, പശു എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയിൽ പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് ഒന്നാമത്തെ പരിഗണനയും അടിയാപണിയാ വിഭാഗങ്ങൾക്ക് രണ്ടാമത്തെ പരിഗണനയും നൽകേണ്ടതാണ്.

Harispriya
സെക്ഷൻ ഓഫീസർ

അനുബന്ധം 2

7

അനുബന്ധം(2)

2008-ലെ ട്രൈബൽ സർവ്വേ അനുസരിച്ച് കേരളത്തിലുള്ള 107965 പട്ടികവർഗ്ഗ കുടുംബങ്ങൾ 4762 സങ്കേതങ്ങളിലായി കഴിയുന്നു. കേരളത്തിലെ മൊത്തം ജനസംഖ്യ 426208 പട്ടികവർഗ്ഗക്കാരുണ്ട്. അവരിൽ 1815 കുടുംബങ്ങൾ ഉപജീവനമാർഗ്ഗം ഇല്ലാത്തവരാണ്. 15 മുതൽ 59 വയസ്സിനിടയിൽ പ്രായമുള്ള തൊഴിൽരഹിതരുടെ എണ്ണം 84207 ആണ്. അതായത് 30.27 ശതമാനം. പട്ടികവർഗ്ഗ യുവാക്കളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവനമാർഗ്ഗത്തിനു വേണ്ടി സ്വയം തൊഴിൽ സംവിധാനം വഴി സഹായം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതുവഴിയുള്ള പരമാവധി ധനസഹായം 1.5 ലക്ഷം രൂപയാണ്. 50 ശതമാനത്തോളം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കണം. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബം എന്നിവർക്ക് മുൻഗണന നലകുന്നതാണ്. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

- പെട്ടിക്കടകൾ ആരംഭിക്കൽ, ഫോട്ടോസ്റ്റാറ്റ് കടകൾ, പ്രൊവിഷൻ സ്റ്റോറുകൾ, സ്റ്റേഷനറി കടകൾ, ബേക്കറി, ഡി.ടി.പി. സെന്ററുകൾ ,തയ്യൽ സ്ഥാപനങ്ങൾ തുടങ്ങിയവ.
- കോഴി വളർത്തൽ കേന്ദ്രം, ആടുവളർത്തൽ കേന്ദ്രം, ക്ഷീര യൂണിറ്റുകൾ, കന്നുകുട്ടി പരിപാലനം, തേനീച്ച വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയവ.
- നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട ആശാരിപ്പണി (തച്ചൻ),മേസ്തിരി, ഇലക്ട്രീഷ്യൻ, പ്ലംബർ തുടങ്ങിയ ജോലിയിലേർപ്പെടുന്ന പട്ടികവർഗ്ഗ യുവാക്കൾക്ക് അംഗീകാരപത്രം ലഭ്യമാക്കാൻ ലേബർ ബാങ്കുകൾ രൂപീകരിക്കുക മുതലായവ
- പ്രശസ്തമായ പരിശീലന കേന്ദ്രങ്ങളിൽ പാരാമെഡിക്കൽ, നഴ്സിംഗ് കോഴ്സുകളിലേയ്ക്കും, ഐ.ടിയുമായി ബന്ധപ്പെട്ട പ്രൊഷണൽ കോഴ്സുകളിലേയ്ക്കും പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകുക.
- ഐ.ടി യുമായി ബന്ധപ്പെട്ട വിഷയങ്ങളായ ഡി.സി.എ, പി.ജി.ഡി.സി.എ, ഡാറ്റാ എൻട്രി, ഡി.ടി.പി, എം.എസ് ഓഫീസ്, ടാലി & കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നിവയ്ക്ക് പരിശീലനം നൽകുക.
- പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലന കേന്ദ്രങ്ങളായ തിരുവനന്തപുരത്തെ (കിറ്റ്സ്) ഭക്ഷ്യ സാങ്കേതിക വിദ്യായിലും , ടൂറിസം സാങ്കേതിക വിദ്യയിലും പരിശീലനം നൽകുക. എൻ.ടി.ടി. എഫിൽ സാങ്കേതിക പരിശീലനം നൽകുക. ഹോട്ടൽ മാനേജ്മെന്റ & കാറ്ററിംഗ് ടെക്നോളജി സ്ഥാപങ്ങളിൽ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിൽ പരിശീലനം (കോവളം, ലക്കടി)., കിൻഫ്രയിലെ തുന്നൽ പരിശീലനം, മറ്റു പ്രശസ്തമായ സ്ഥാപനങ്ങളിൽ പരിശീലനം നടത്തുക തുടങ്ങിയവ ഉൾപ്പെടുന്നു.
- പി.എസ്.സി,യു.പി.എസ്.സി., എസ്.എസ്.സി/ആർ.ആർ.ബി ബാങ്ക് പരീക്ഷകൾക്കുള്ള പരിശീലനം.
- ഗോത്രവർഗ്ഗ ഭാഷ ഉൾപ്പെടെ നൈപുണ്യ ശിക്ഷണം.
- പട്ടികവർഗ്ഗക്കാർക്കുള്ള സാക്ഷരത പരിപാടികളും അനൗദ്യോഗിക വിദ്യാഭ്യാസവും പ്രോൽസാഹിപ്പിക്കുക.
- പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനമാഗ്രിക്കുന്ന പട്ടികവർഗ്ഗ. വിദ്യാർത്ഥികൾക്ക് എൻട്രൻസ് അധിഷ്ഠിത പരിശീലനം നൽകുക.
- പാരമ്പര്യ വൈദ്യത്തിനും ആയുർവേദത്തിനുമുള്ള പരിശീലനം
- വിദ്യാർത്ഥികൾക്ക് എൻജിനിയറിംഗ് കോഴ്സിനുമുമ്പ് പരിശീലനം നൽകുക.

- ഐ.ടി.ഐ. ഐ. ടി.സി. പാസ്സായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അധിക അപ്രന്റീസ്ഷിപ്പിനുള്ള സൗകര്യങ്ങൾ നൽകുക.
- പ്ലസ്.ടു. ബിരുദധാരികൾ തുടങ്ങിയവർക്ക് കരിയർ വികസനം ഓറിയന്റേഷൻ ക്ലാസുകളും നൽകുക.
- ബിരുദധാരികൾ, ബിരുദാനന്തബിരുദധാരികൾ, ബിരുദധാരികളല്ലാത്തവർ തുടങ്ങിയവർക്ക് നൈപുണ്യ വികസനത്തിനായുള്ള ഫിനിഷിംഗ് സ്കൂൾ.
- അഭ്യസ്തവിദ്യരായ യുവാക്കൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി കരിയർ ഗൈഡൻസ് സെന്റർ വഴിയുള്ള പരിശീലനം / അറിവ് വളർത്തുക/ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള കൗൺസിലിംഗ് കേന്ദ്രം എന്നിവയ്ക്കുള്ള സഹായം
- നൈപുണ്യ വികസനത്തിനായുള്ള പ്രോജക്ടുകൾ/സംരംഭകത്വ വികസനം/ വ്യക്തിത്വവികസനം/പ്രത്യേക കോച്ചിംഗും. ഇന്ത്യയിലും വിദേശത്തും ജോലിക്കുള്ള അവസരങ്ങൾക്ക് സഹായം നൽകുക തുടങ്ങിവ ഈ പദ്ധതിക്ക് കീഴിൽ വരുന്നു.